No. 9. Reconstruction of Karuvannur Bund

മിസ്റ്റർ പുത്തൂർ. അച്യുതമേനോൻ : സർ, എന്റെ പ്രമേയം ഇതാണ്. "This council recommends to the Government that the Karuvannur Bund should be immediately reconstructed so as to save the poor people of Karuvannur, Murkanad and Karlam from the havocs of flood hereafter". ഈ പ്രമേയം അവതരിപ്പിക്കുന്നതോടുകൂടി എനിക്കു ഈ സഭയെ പ്രധാനമായ ഒരു സംഗതി ബോധിപ്പിക്കാനുള്ളതു എന്റെ പേരിൽ കാണുന്ന ഈ റസല്യൂഷനിൽ കാറളം, മൂർക്കനാട്ട, കരുവന്നൂർ എന്നിങ്ങിനെ രണ്ടു മൂന്നു പേരുകൾ പറയുന്നതുകൊണ്ടു ഇതു ഒരു പ്രാദേശികമായ കാര്യമാണെന്നു വെച്ചു ബഹുമാനപ്പെട്ട മെമ്പർമാർ ഇതിൽ ശ്രദ്ധിക്കാതിരിക്കരുതെന്നാണ്. കൊച്ചീരാജ്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണു ഈ പ്രമേയത്തിൽ ആവശ്യപ്പെടുന്നതു. കരുവന്നൂർ പുഴയിലെ വെള്ളപ്പൊക്കംകൊണ്ടു വളരെ നാശത്തിൽപെട്ട കഷ്ടപ്പെടുന്ന, കൊല്ലത്തിൽ ഏഴായിരം രൂപായോളം കൊച്ചിഗവർമ്മെണ്ടിനു വരുമതികൊടുക്കുന്ന ഒരു കുട്ടരുടെ കാര്യമാണു ഞാൻ പറയുന്നതു. കുമാലി പുഴയുടേയും മണലിപ്പുഴയുടേയും കൂടിച്ചേർച്ചകൊണ്ടാണു ഈ കരുവന്നൂർ പുഴയുണ്ടാകുന്നതു. കരുവന്നൂർ പുഴയിലെ വെള്ളപ്പൊക്കംകൊണ്ടു മൂർക്കനാട്ട മുതലായ സ്ഥലങ്ങളിലൊക്കെ വളരെ നാശത്തിനു കാരണമായിട്ടുണ്ട്. ഈ ചിങ്ങമാസത്തിൽ ഗവർമ്മെണ്ടിൽ നിന്നു പ്രസിദ്ധപ്പെടുത്തിയ പ്രസ്സ്നോട്ടിൽ തന്നെ ഈ കൊല്ലത്തെ വെള്ളപ്പൊക്കത്തിൽ ഏറ്റവും വലിയ നാശം ചെയ്തതു കരുവന്നൂർ പുഴയിലെ വെള്ളപൊക്കം കൊണ്ടായിരുന്നുവെന്നു സമ്മതിച്ചിട്ടുണ്ട്. ഈ പുഴയിലെ വെള്ളപ്പൊക്കംമൂലമുണ്ടാകുന്ന നാശത്തിൽനിന്നു ജനങ്ങളെ രക്ഷിക്കാനായി കരുവന്നൂരിൽ ഒരു ബണ്ടുണ്ടാക്കീട്ടുണ്ട്. എന്നാൽ ഈ ബണ്ടു ഒഴുകിവരുന്ന മലവെള്ളത്തെ തടുക്കുന്നതിനുള്ള ശക്തിയുള്ളതല്ലായ്കയാൽ എല്ലാകൊല്ലത്തിലും വളരെ അധികം നാശങ്ങൾ ജനങ്ങൾക്കുണ്ടാകാറുണ്ട്. അനേകംപേർക്കു വീടില്ലാതായിട്ടുണ്ട്. ഇതു ഞാൻ ഈ നിയമസഭയുടെ വോട്ടിനുവേണ്ടി പറയുന്നതല്ല. ഇതിന്റെ പരമാർത്ഥം ബഹുമാനപ്പെട്ട ദിവാൻപേഷ്കാർ കണ്ടറിഞ്ഞിട്ടുള്ളതാണ്. അദ്ദേഹം അവിടെവന്നു നേരിട്ടു കണ്ടിട്ടുള്ളതാണ്. അതിനു ഞാൻ എന്റെ നിയോജകമണ്ഡലത്തിന്റെ പേരിൽ അദ്ദേഹത്തോടു കൃതജ്ഞതയും പറഞ്ഞുകൊള്ളുന്നു. അദ്ദേഹം ആകുന്ന സഹായം അവിടെ ചെയ്തിട്ടുണ്ട്. കൊച്ചീരാജ്യത്തിലെ കരുണയേറിയ ഗവർമ്മെണ്ടു കൊല്ലംതോറും അവിടത്തെ ജനങ്ങളെ രക്ഷിക്കാനായി ഓരോ സംഖ്യ ചിലവുചെയ്യുന്നുണ്ട്. എന്നാൽ അതു വേണ്ടവഴിക്കു മാത്രം ചെയ്യാത്തതുകൊണ്ടു അതുകൊണ്ടുള്ള മുഴുവൻ ഗുണവും ജനങ്ങൾക്കു ലഭിക്കുന്നില്ല. അയ്യായിരം രൂപാ കരുവന്നൂർ ചിറ നന്നാക്കാനായി ഈ വർഷത്തിൽ നീക്കിവെച്ചിട്ടുണ്ട്. വാസ്തവത്തിൽ കേടുവന്നസ്ഥലം നന്നാക്കുകമാത്രമാണിപ്പോൾ ചെയ്യുന്നതു. മലവെള്ളം വരുമ്പോൾ അതു പിന്നെയും പൊട്ടിപോകയും ചെയ്യും. ൯൯-ൽ ഈ പുഴയിൽ ൧൩ ൧/൨ അടിയോളം വെള്ളപ്പൊക്കമുണ്ടായി. ൧൦൪-ലും, ൧൦൩-ലും ൧൩ അടിയോളംവെള്ളപ്പൊക്കമുണ്ടായിട്ടുണ്ട്. കഴിഞ്ഞതവണ ൧൩ ൧/൨ അടിയോളം വെള്ളപ്പൊക്കമുണ്ടായിട്ടുണ്ട്. യാതൊരു അറിവുമില്ലാതെ രാത്രിയിലുണ്ടായ വെള്ളപ്പൊക്കംമൂലം പൂർണ്ണനിദ്രയിൽ ആയിരുന്ന സ്ത്രീകളും കുട്ടികളുമടക്കമുള്ള ജനങ്ങൾക്കു വല്ലാത്ത പരിഭ്രമത്തിനിടവരികയുണ്ടായി. വളരെ അധികം ആളുകളുടെ ശ്രമത്തിന്റെ ഫലമായിട്ടാണ് അവരെ ജീവഹാനികൂടാതെ രക്ഷിക്കാൻ സാധിച്ചതു. അനേകം കന്നുകാലികളും മറ്റു പല സാധനങ്ങളും ഒഴുകിപ്പോയിട്ടുണ്ട്. അങ്ങിനെയുള്ള ആപത്തുകൾ മേലാലുണ്ടാകാതിരിക്കാനായി

LIBRARY ARCHIVES Kerala Legislative Assembly

ഗവർമ്മെണ്ടിന്റെ സമ്മതമനുസരിച്ചുകൊണ്ടു കൊല്ലംതോറും നിശ്ചയിക്കുന്ന തുക കുറച്ചുകാലത്തേക്കുള്ളതു ഒന്നിച്ചെടുത്തു് പൊട്ടാത്ത തരത്തിൽ ആ ചിറ ഒന്നു പുതുതായി പണിചെയ്യുന്നതരണമെന്നാണു എന്റെ അപേക്ഷ. പിന്നൊ ഒരു സംഗതി ചൂണ്ടിക്കാണിക്കേണ്ടതുണ്ടു്. പുഴയുടെ അടുത്താണിപ്പോൾ ചില സ്ഥലങ്ങളിൽ ബണ്ടു നില്ക്കുന്നതു്. അതുകൊണ്ടാണു് പുഴക്കടുത്തുള്ള സ്ഥലങ്ങൾ വേഗത്തിൽ പൊട്ടുന്നതിനിടയാകുന്നതു്. അതിനാൽ അവിടെനിന്നും കുറച്ചുദൂരം മാറി ഒരിക്കലും പൊട്ടാനിടയില്ലാത്തവിധത്തിൽ ബണ്ടു് ഉറപ്പിച്ചു തരണമെന്നാണു ഞാൻ ഗവർമ്മെണ്ടിനെ അറിയിക്കുന്നതു്. ൯൯-ലെ വെള്ളപ്പൊക്കത്തിനുശേഷം അങ്ങിനെയുള്ള നാശങ്ങൾ മേലാലുണ്ടാകാതിരിക്കത്തക്ക ഉദ്ദേശത്തോടുകൂടി ഗവർമ്മെണ്ടു പലകാര്യങ്ങളും ചെയ്തിട്ടുണ്ടു്. അതിന്റെ ഫലം ചില ഭാഗങ്ങളിലെ ജനങ്ങൾക്കുണ്ടെങ്കിലും എല്ലാ ഭാഗങ്ങളിലെ ജനങ്ങൾക്കും ഈ കഷ്ടതയിൽ നിന്നു രക്ഷപ്രാപിക്കാൻ കഴിഞ്ഞിട്ടില്ല. പിന്നൊ എന്റെ ആലോചന ശരിയാണെങ്കിൽ—ഗവർമ്മെണ്ടു അതു സമ്മതിക്കുമെന്നു തോന്നുന്നില്ല എങ്കിലും എനിക്കു ബോദ്ധ്യം വന്നിട്ടുള്ള സംഗതിയാണു്—അതായതു, മൂക്കനാട്ട മുരിയാട്ടതോട്ടു ഉറന്നാതിനു ശേഷമാണു് കരുവാന്തുർ പുഴയിൽ ഇത്ര വലിയ വെള്ളപ്പൊക്കമുണ്ടായിട്ടുള്ളതു്. മൂക്കനാട്ട മുരിയാട്ടതോട്ടു ഉറന്നാപ്പോൾ അതു കാക്കത്തുരുത്തിയിൽ കൊണ്ടുപോയി വിടണമെന്നായിരുന്നു ഗവർമ്മേണ്ടുദ്ദേശിച്ചിരുന്നതു്. പണത്തിന്റെ ദൌർല്ലഭ്യം കൊണ്ടൊ അതൊ, ഗവർമ്മേണ്ടിന്റെ അനുഭവക്കുറവുകൊണ്ടൊ അതു മൂക്കനാട്ടകാക്കും കാറളക്കാക്കും നാശം വരത്തക്ക നിലയിൽ നിറുത്തുകയാണു് ചെയ്തതു്. അതുകൊണ്ടാണു മലവെള്ളപ്പൊക്കകാലത്തു ഇത്ര വലിയ നാശത്തിനു കാരണമായിട്ടുള്ളതു്. ഈ മൂക്കനാട്ട മുരിയാട്ട തോട്ടിലെ വെള്ളം പുല്ലത്തററോഡിലെ ഒരു ചെറിയ പാലം വഴി ഒഴിയണം; അതു സാദ്ധ്യവുമല്ല. ഈ മലവെള്ളത്തിനു കുറച്ചു കുറവു വരണമെങ്കിൽ—ചീഫ് എഞ്ചിനിയർ സമ്മതിക്കയില്ലെങ്കിലും—ഈ മൂക്കനാട്ട മുരിയാട്ടതോട്ട അടച്ചുകെട്ടിയാൽ മതി എന്നാണു് എന്റെ ബോദ്ധ്യം. വളരെക്കാലമായി കരുവന്തുർ പുഴ നികന്നുവരികയാണു് ചെയ്യുന്നതു്.

The House rose for the day at 5 p.m.

C. J. MATHEW

Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly